# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

**തിരുവനന്തപുരം**

**website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145**


## പത്രക്കുറിപ്പ്

തീയതി: 17.07.2019

**അരീക്കക്കാവ് തടി ഡിപ്പോയിൽ പമ്പാമണൽ ഇ-ലേലം ചെയ്യുന്നു**

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും അരീക്കക്കാവ് സർക്കാർ തടി ഡിപ്പോയിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 27,30, സെപ്തംബർ 19,26, ഒക്ടോബർ 15,24, നവംബർ 7,21, ഡിസംബർ 10,23 എന്നീ തീയതികളിൽ നടക്കും. 10 ക്യുബിക് മീറ്റർ മണൽ വീതമുള്ള75 ലോട്ടുകളും 5 ക്യുബിക് മീറ്ററിന്റെ 40 ലോട്ടുകളും 1 ക്യുബിക് മീറ്ററിന്റെ 50 ലോട്ടുകളുമായാണ് ലേലം നടക്കുക. കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കും ലാൻഡ്സ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ-ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യിൽ പേര് രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോനമ്പർ-0475-2222617 ), അരീക്കക്കാവ് സർക്കാർ തടി ഡിപ്പോ (ഫോ: 8547600535 ) എന്നീ ഓഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.


**ഡോ. അഞ്ജൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**